LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ പൊതു സർവ്വീസ്

371 (5096) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നതുവഴി പൊതുജനങ്ങൾക്ക് അധികമായി ലഭിക്കുന്ന മെച്ചപ്പെട്ട സേവനങ്ങളും സൗകര്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വകുപ്പുതല ഏകോപനവും പദ്ധതിസംയോജനവും നിർവ്വഹണവും മികച്ച രീതിയിൽ നടപ്പിലാക്കാൻ പൊതുസർവ്വീസ് രൂപീകരണത്തിലൂടെ സാധിക്കുന്നതാണ്. പൊതുജനങ്ങളുടെയും, ജനപ്രതിനിധികളുടെയും, ഉദ്യോഗസ്ഥരുടെയും സന്തുലിത പങ്കാളിത്തത്തിലൂടെ വികേന്ദ്രീകരണ പ്രസ്ഥാനത്തെ മുന്നോട്ട് നയിക്കാനുള്ള ഒരു ഭരണനിർവ്വഹണ സഹായക സംവിധാനമായിരിക്കും ഏകീകൃത തദ്ദേശസ്വയം ഭരണവകുപ്പ്. വ്യത്യസ്തമായി നിൽക്കുന്ന അഞ്ചു വകുപ്പുകൾ ഏകീകരിക്കുന്നതോടൊപ്പം ഭരണരംഗത്തും ആസൂത്രണത്തിലുമുണ്ടാകുന്ന വലിയ മാറ്റങ്ങളുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നതാണ്. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾക്കിടയിലും ഇവ തമ്മിലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തമ്മിലും യോജിച്ചുകൊണ്ടുള്ള പ്രവർത്തനം ആവശ്യമാണ്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽ വരുന്നതോടെ ഇത് സാധ്യമാവും. തദ്ദേശസ്വയംഭരണ പൊതു ഭരണസംവിധാനം ഏകോപിതമായി പ്രവർത്തിക്കുന്നതോടെ വിവിധ കേന്ദ്രാവിഷ്കൃത-സംസ്ഥാനാവിഷ്കൃത പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി പ്രാദേശിക പദ്ധതിയുമായി സംയോജിപ്പിച്ച് സമഗ്ര വികസന പദ്ധതികളാക്കി മാറ്റി വികസന നേട്ടങ്ങൾ ഉയർത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുന്നതിനും ജില്ലാ പദ്ധതിയും സംസ്ഥാന പദ്ധതിയും തമ്മിലുള്ള പരസ്പര പൂരകത്വം ഉറപ്പാക്കുന്നതിനും കഴിയും.

(ബി) പൊതു സർവ്വീസ് നടപ്പാക്കിക്കഴിഞ്ഞാൽ ഏതൊക്കെ നിർവ്വഹണ ഉദ്യോഗസ്ഥന്മാരാണ് എക്സ്ഓഫീഷ്യോ സെക്രട്ടറിമാരെന്ന നിലയിൽ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ?

വിവിധ വകുപ്പുകളിൽ നിന്ന് കൈമാറി കിട്ടിയ ഉദ്യോഗസ്ഥരെ എക്സ്ഓഫിഷ്യോ സെക്രട്ടറിമാരായി നിയമിക്കാമെന്ന് കേരള പഞ്ചായത്ത് രാജ് ആക്ടിലെ 179(11) വകുപ്പിലും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 48(13) വകുപ്പിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വകുപ്പുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വിവിധ വിഭാഗങ്ങളിലെ ജീവനക്കാരുടെ ഹൈറാർക്കിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉദ്യോഗസ്ഥരിൽ അധികാരകേന്ദ്രീകരണം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിശേഷാൽ ചട്ടങ്ങളും പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളും പ്രകാരമാണ് ഉദ്യോഗസ്ഥരുടെ വിന്യാസവും ചുമതലകളുമുണ്ടാവുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിരഞ്ഞെടുത്ത സമിതികൾക്കാണ് ഭരണാധികാരം.

(ഡി) തദ്ദേശാധ്യക്ഷൻമാർക്ക് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുമായി നേരിട്ടും കൂടുതൽ ഫലവത്തായും ഇടപെടുന്നതിന് തദ്ദേശപൊതുസർവ്വീസ് ഏതു തരത്തിലാണ് സഹായിക്കുകയെന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

ത്രിതലപഞ്ചായത്തുകളിലെയും നഗരസഭകളിലെയും ഉദ്യോഗസ്ഥർ ഒറ്റ വകുപ്പിലായിത്തീരുന്നതോടെ എല്ലാ തദ്ദേശസ്ഥാപന അധ്യക്ഷന്മാർക്കും ഇവരുമായി വകുപ്പ് ഭേദമില്ലാതെ ഇടപ്പെടാൻ കഴിയുന്നതാണ്. ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുന്നതിനും ജില്ലാ പദ്ധതിയും സംസ്ഥാന പദ്ധതിയും തമ്മിലുള്ള പരസ്പരപൂരകത്വം ഉറപ്പാക്കാനും കഴിയും.

പഠനമുറി നിർമ്മാണ ധനസഹായം

372 (5097) ഡോ. മാത്യു കുഴൽനാടൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള പഠനമുറി നിർമ്മാണം എന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ, പട്ടികജാതി വികസന വകുപ്പിന്റെ 30-12-2017 -ലെ സ.ഉ.(പി) നമ്പർ 13/2017/പജപവവിവ. എന്ന ഉത്തരവിലൂടെ നടപ്പിലാക്കുന്ന സമാനപദ്ധതിയുടെ മാനദണ്ഡങ്ങളുടേതിന് തുല്യമാക്കി, 15%+30%+40%+15% എന്ന ക്രമത്തിൽ പഠനമുറി ധനസഹായം അനുവദിക്കുന്നതിന്, നിലവിലുള്ള മാനദണ്ഡങ്ങൾ പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ നൽകാമോ?

14-2-2018-ലെ സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ ഉത്തരവുപ്രകാരമുള്ള ജനകീയാസൂത്രണ മാർഗ്ഗരേഖയനുസരിച്ച് 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കാൻ ആകെ 2.00 ലക്ഷം രൂപ വരെ നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതിയുണ്ടായിരുന്നു. 50,000 രൂപ മുൻകൂറായി നൽകുന്ന

LIBRARY ARCHIVES Kerala Legislative Assembly